# എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സർക്കാരിന് കഴിയില്ലേ?

**കേ**രളീയത്തിൽ (ഡിസംബർ) ശ്രീ. കെ.എം.ഗംഗാധരമേനോൻ എഴുതിയ 'ശമ്പള വർധനവിന് ഉദ്യോഗസ്ഥർ അർഹരാണോ?' എന്ന ലേഖനത്തിനൊരു അനുബന്ധമാണിത്.

എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സർക്കാരിനാവില്ല എന്ന ധാരണയുണ്ട്. ഇതു തെറ്റാണ്. എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സർക്കാരിനാവും; ആവണം. ജനങ്ങൾക്കെല്ലാം സംരക്ഷണം (Social Security) നല്കാനായാൽ മാത്രമേ സർക്കാർ, സർക്കാരാവൂ. നിലവിലുള്ളത് സർക്കാരല്ല. ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു പകൽക്കൊള്ള സംഘമാണ്. ഇവരോടൊപ്പം തൊഴിലാളി വർഗവും ഉണ്ട്. പ്രൈവറ്റ് മേഖലയിലും സർക്കാർ മേഖലയിലും രാഷ്ട്രീയ സംഘടനകൾ സംരക്ഷണം നല്കുന്ന തൊഴിലാളി വർഗം. അതായത് തൊഴിൽ മേഖലയിൽ ഉദ്യോഗസ്ഥരും തൊഴിലാളികളും ഉൾപ്പെടെ ജോലി സ്ഥിരതയുള്ള ഒരു വിഭാഗം ഇവിടെ ഉണ്ടായിരിക്കുന്നു. ഈ വർഗത്തിന് അവരവരുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാനും സംരക്ഷണം വീണ്ടും വീണ്ടും ഉറപ്പാക്കാനുമുള്ള വഴികൾ നന്നായറിയാം. ശമ്പളം വർധിപ്പിക്കാനറിയാം. പെൻഷൻ പ്രായം ഉയർത്താനറിയാം. കൂലി കൂട്ടാനറിയാം. സർക്കാർ മടിച്ചാൽ സർക്കാരിനെക്കൊണ്ട് ചെയ്യിക്കാൻ ഈ വർഗത്തിന് കഴിയും. ഈ വർഗം ഒന്നടങ്കം (ചുരുക്കം ചില വ്യക്തികളെ ഒഴിച്ചുനിർത്തുന്നു) ഉത്തരവാദിത്തമില്ലാത്ത, ആത്മാർഥതയില്ലാത്ത, സ്നേഹമില്ലാത്ത, നന്മയില്ലാത്ത, കാരുണ്യമില്ലാത്ത, അധികാര ഗർവുള്ള, ഹുങ്കുള്ള, ...ം സാധിക്കാൻ ചെല്ലുന്നവരുടെ ... കുതിര കയറുന്ന, കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കുന്ന, പണിയെടുക്കാത്ത, ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്ത, നട്ടെല്ലില്ലാത്ത വർഗമായി തീർന്നിരിക്കുന്നു എന്നതാണ് സങ്കടകരം. പുതുതായി തൊഴിൽ ലഭിക്കുന്ന ഓരോരുത്തരും സാഹചര്യങ്ങളുടെ സമ്മർദങ്ങളാൽ ഈ വർഗത്തിൽ അലിഞ്ഞു ചേരുന്നതു കാണുമ്പോൾ എന്താണിതിനു പോംവഴി എന്നു ചിന്തിച്ചു പോകാറുണ്ട്. ഇതിനൊരു പരിഹാരമില്ലേ? ഉണ്ട്.

ഉള്ള തൊഴിൽ എല്ലാവർക്കുമായി പങ്കുവയ്ക്കുക എന്നതു മാത്രമാണ് ഇതിനു പ്രതിവിധി. യഥാർഥ സർക്കാരിന്റെ കടമയാണത്. തുടക്കമെന്ന നിലയിൽ ഒരു ഉദ്യോഗസ്ഥൻ മാസത്തിൽ 15 ദിവസം ജോലി ചെയ്താൽ മതി എന്നു തീരുമാനിക്കണം; നിയമമാകണം. ജോലി സ്ഥിരത ലഭിക്കുന്ന എല്ലാ മേഖലയിലും ഇതു പ്രാവർത്തികമാക്കണം. ബാക്കി 15 ദിവസത്തേക്ക് തൊഴിലില്ലാത്തവരെ നിയമിക്കണം. പ്യൂൺ മുതൽ കളക്ടറും മന്ത്രിമാരും അടക്കം ചെയ്യുന്ന തൊഴിലിന് നല്ല ശമ്പളം പറ്റുന്നുണ്ടെങ്കിലും ഇതുകൊണ്ട് ഒന്നും തന്നെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. മാസത്തിലെ 15 ദിവസം ഉദ്യോഗസ്ഥ വൃന്ദം ഒന്നടങ്കം ഉത്പാദനക്ഷമമായ മേഖലയിലേക്ക് മാറേണ്ടതുണ്ട്. ഉത്പാദനക്ഷമമായ ഏകമേഖല കൃഷിയാണുതാനും.

എല്ലാ ഉദ്യോഗസ്ഥരും 15 ദിവസം കൃഷി ചെയ്യണം. ഇവരെ തീറ്റിപ്പോറ്റാൻ പണിയെടുത്തിരുന്നവരുടെ നട്ടെല്ല് ഒടിഞ്ഞുപോയിരിക്കുന്നു. അവന്റെ കായികശേഷിയും മണ്ണിന്റെ ശേഷിയും തീർന്നു പോയിരിക്കുന്നു. ഉണ്ണുന്നവരൊക്കെ ഉണ്ണുന്നതിന്റെ ഒരു ഭാഗമെങ്കിലും ഉണ്ടാക്കാൻ ബാധ്യസ്ഥരാണ്. എല്ലാവരെയും 15 ദിവസത്തേക്ക് ഉത്പാദന മേഖലയിലേക്ക് മാറ്റാനായാൽ എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സർക്കാരിന് കഴിയും.

**കെ.വി. ദയാൽ, OEOL**
**മുഹമ്മ പി.ഒ., ആലപ്പുഴ.**